വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, National Literacy Mission ആണ് തുടർ സാക്ഷരതാ പ്രേരക്മാർക്ക് remuneration തീരുമാനിക്കുന്നത്. ഇതൊരു All India pattern ആണ്; നമുക്ക് ഇവിടെ തീരുമാനിക്കാൻ പറ്റില്ല. അക്കാര്യം National Literacy Mission-നോട് നമുക്ക് ആവശ്യപ്പെടാം എന്നേ ഉള്ളൂ. ഇപ്പോൾ ഒരു അപകടം വന്നുപെട്ടത് പകുതി ഷെയർ സംസ്ഥാന ഗവൺമെന്റ് വഹിക്കണം. അത് നേരത്തേതിൽ നിന്നും വ്യത്യസ്തമാണ്.

മി. സ്പീക്കർ : എന്തോ സാങ്കേതിക തടസ്സംകൊണ്ട് യഥാസമയം കാശ് കിട്ടാതെ പോകുന്നുവെന്ന് പറഞ്ഞല്ലോ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഗ്രാന്റ് ലഭിച്ചിരുന്നില്ല എന്നുള്ളതായിരുന്നു, ആ പ്രശ്നം തീർന്നു. 2004 ഡിസംബർ മാസം വരെയുള്ള പ്രതിഫലം ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാക്കി കാര്യങ്ങൾ National Literacy Mission-നുമായി take up ചെയ്യാവുന്നതാണ്. നമുക്ക് ഇവിടെ തീരുമാനമെടുക്കാൻ പറ്റില്ല.

(8) ഗണിതശാസ്ത്ര, ശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ 'എ' ഗ്രേഡ് ലഭിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, സർക്കാരിന്റെ ഗൗരവമായ പരിഗണനയ്ക്ക് വിധേയമാകുകയും തീരുമാനമെടുക്കുകയും ചെയ്യേണ്ട ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. യുവജനോത്സവങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്കും 'എ' ഗ്രേഡ് ലഭിക്കുന്നവർക്കും S.S.L.C. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. മാത്രമല്ല അവർക്ക് നൽകിവരുന്ന ക്യാഷ് അവാർഡുകളുടെ തുക 500 രൂപ, 400 രൂപ, 300 രൂപ എന്നുള്ളത് 1000 രൂപ, 600 രൂപ, 400 രൂപ എന്ന ക്രമത്തിൽ വർദ്ധിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. സംസ്ഥാന സ്ക്കൂൾ കായിക മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്കും S.S.L.C. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. എന്നാൽ സംസ്ഥാന തലത്തിൽ നടത്തുന്ന ഗണിത ശാസ്ത്രമേള, ശാസ്ത്രമേള, പ്രവർത്തി പരിചയമേള എന്നിവയിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്കും 'എ' ഗ്രേഡ് ലഭിക്കുന്നവർക്കും S.S.L.C. പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകുന്നില്ല. കലാതിലകവും കലാ പ്രതിഭയുമൊക്കെ കിട്ടുന്നത് സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ്. എന്നാൽ ഗണിത ശാസ്ത്ര മേള, ശാസ്ത്ര മേള, പ്രവർത്തി പരിചയമേള ഇവയിൽ കഴിവു തെളിയിക്കുന്ന കുട്ടികൾ ഏറെയും സാധാരണ കുടുംബങ്ങളിൽ നിന്നു വരുന്നവരാണ്. കൂടാതെ മിടുക്കന്മാരുമാണ്. അധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹായമുണ്ടെങ്കിലും സ്വന്തമായി ബുദ്ധി ഉപയോഗിക്കാൻ കഴിയുന്നവരാണ് ഈ മേളയിൽ പങ്കെടുക്കുന്നതും വിജയിക്കുന്നതും. മാറിയ പാഠ്യ പദ്ധതിയിൽ ഏറെ പ്രാധാന്യം ഈ മേഖലയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് യുവജനോത്സവങ്ങളിലെ വിജയികൾക്കും കലാമൽസരങ്ങളിലെ വിജയികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതുപോലെ ഗണിത ശാസ്ത്ര മേള, ശാസ്ത്ര മേള, പ്രവർത്തിപരിചയമേള ഇവയിൽ സംസ്ഥാനത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്കും 'എ' ഗ്രേഡ് ലഭിക്കുന്നവർക്കും S.S.L.C. പരീക്ഷയിൽ

LIBRARY ARCHIVES Kerala Legislative Assembly

2005 മാർച്ചുമുതൽ ഗ്രേസ് മാർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. വിദ്യാർഥികളുടെ എല്ലാ മേഖലയിലുമുള്ള കഴിവുകൾക്കും ഒരുപോലെ അംഗീകാരവും പ്രോത്സാഹനവും നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഗണിതശാസ്ത്രമേള, ശാസ്ത്ര മേള, പ്രവർത്തി പരിചയ മേള എന്നിവയിൽ പങ്കെടുക്കുന്ന പ്രതിഭകളോടുള്ള ബഹുമാനപ്പെട്ട മെമ്പറുടെ താല്പര്യം മനസ്സിലാക്കാം. പക്ഷേ ഇതിൽ നമുക്ക് ഒന്നും ചെയ്യാൻ പറ്റില്ല. കാരണം യൂത്ത് ഫെസ്റ്റിവൽ നടത്തുമ്പോൾ അതിൽ വിജയിക്കുന്ന കുട്ടികൾക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനം മാത്രമല്ല, എ, ബി, സി എന്നുള്ള ഗ്രേഡും നൽകുന്നുണ്ട്. അതിൽ ഓരോ പോയിന്റനുസരിച്ച് മാർക്ക് കൊടുക്കുന്നുണ്ട്. ആ മാർക്കുകൂടി കണക്കിലെടുക്കും. അല്ലാതെ ഒന്നും രണ്ടും മൂന്നും കിട്ടിയതിനുമാത്രമല്ല ഗ്രേസ് മാർക്കുള്ളത്. ഇതുംകൂടി കണക്കിലെടുക്കുന്നു. കാരണം അതിലൊരു വ്യത്യാസമുണ്ട്. ഉദാഹരണത്തിന് പ്രവർത്തി പരിചയമേള എന്നു പറഞ്ഞാൽ നമ്മളൊരു വർക്ക് ചെയ്തുവച്ചിട്ട് ജഡ്ജി വന്ന് നോക്കുകയാണ്. അതേസമയം യൂത്ത് ഫെസ്റ്റിവൽ അങ്ങനെയല്ല. ഉദാഹരണത്തിന് കഥാപ്രസംഗത്തിൽ ഓരോ പോയിന്റും വാല്യൂ ചെയ്യുന്നുണ്ട്. ആ കുട്ടിയുടെ ഇൻസ്ട്രുമെന്റ് വായന, അവതരണഭംഗി, ഉച്ചാരണ ശുദ്ധി, ഭാവപ്രകടനം, ആശയവിനിമയം തുടങ്ങിയവയ്ക്കോരോന്നിനും പോയിന്റുണ്ട്. അങ്ങനെയാണ് ഈ പോയിന്റ് ഗ്രഡേഷൻ വരുന്നത്. അതുകൂടി കണക്കിലെടുത്തിട്ടാണ് ഗ്രേസ് മാർക്കിടുന്നത്. എന്നാൽ പ്രവർത്തി പരിചയമേളപോലുള്ള കാര്യത്തിൽ ഒരു ജോലി ചെയ്തിട്ട് അത് കാണിക്കുകയാണ്. അല്ലെങ്കിൽ ആ സമയത്ത് വിജയം പരിശോധിക്കുകയാണ്. അപ്പോൾ ഇതുരണ്ടുംകൂടി ലിങ്ക് ചെയ്യാൻ പ്രയാസമുണ്ട്. മികവുള്ളവർക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനം മാത്രമേയുള്ളൂ. അല്ലാതെ പോയിന്റ് വാല്യൂ ഇല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതിനെന്തെങ്കിലും പ്രത്യേക സംവിധാനം കൊണ്ടുവരാൻ പറ്റുമോ എന്നുള്ളത് വിദഗ്ദ്ധരുമായി ഡിസ്കസ് ചെയ്യാം. ഇപ്പോൾ ഒന്നും ചെയ്യാൻ പറ്റില്ല. അതിനെപ്പറ്റി ആലോചിക്കാം. എക്സ്പെർട്ട്സുമായി ആലോചിച്ച് ഇവർക്കുകൂടി ഇത് ആപ്ലിക്കബിൾ ആക്കാൻ എന്തെങ്കിലും മാനദണ്ഡം കൊണ്ടുവരാൻ പറ്റുമോ എന്നുള്ളത് തീർച്ചയായും പരിശോധിക്കാം.

മി. സ്പീക്കർ: നൃത്ത, നൃത്തേതര ഇനങ്ങളുടെ സാങ്കേതികത്വം പറഞ്ഞ് കലാപ്രതിഭസ്ഥാനം കൊടുക്കാതെ നിഷേധിക്കുന്ന കുട്ടികൾക്ക് അർഹതപ്പെട്ടതനുസരിച്ച് ഈ ആനുകൂല്യം കൊടുക്കുന്ന കാര്യം ആലോചിച്ചുകൂടേ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞത് വളരെ ശ്രദ്ധേയമായ കാര്യമാണ്. അതായത് കലാതിലകവും അതുപോലെ കലാപ്രതിഭയും പട്ടം കൊടുക്കുന്നതിന് ചില മാനദണ്ഡങ്ങളുണ്ട്. ഇത് വരാത്തവർക്ക് കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട അങ്ങ് പറയുന്നത് പ്രകാരം 'പട്ടം' വന്നില്ലെങ്കിലും ആനുകൂല്യങ്ങൾ കൊടുക്കാമോ എന്നുള്ള പോയിന്റ് സംബന്ധിച്ച് ഞങ്ങളൊരു ശില്പശാല നടത്താൻ പോവുകയാണ്. യൂത്ത് ഫെസ്റ്റിവൽ മാനുവലിൽ എന്തുമാറ്റമാണ് വരുത്തേണ്ടതെന്നുള്ളതു സംബന്ധിച്ച് ചർച്ച ചെയ്യുന്ന സമയത്ത് അങ്ങ് പറഞ്ഞ കാര്യം പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതുവരെ കാത്തുനിന്നാൽ ഈ കുട്ടിയുടെ ചാൻസ് പോകും. മാനസികമായി അവർ വളരെ തളർന്നിരിക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : മാനുവൽ മാറ്റിയിട്ടേ അത് പരിഗണിക്കാൻ പറ്റുകയുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഈ കുട്ടികളുടെ കാര്യം മന്ത്രിക്കുതന്നെ തീരുമാനിച്ചുകൂടേ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : മന്ത്രി എങ്ങനെയാണ് ഒരു മാനുവലിന് വിരുദ്ധമായി ചെയ്യുന്നത് ? മാനുവലിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാം.

മി. സ്പീക്കർ : ആനുകൂല്യം കൊടുക്കുന്ന കാര്യം പ്രത്യേക കേസ് ആയി പരിശോധിക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അത് പരിശോധിക്കാം.

(9) മഹാകവി ജി. ശങ്കരക്കുറുപ്പിന് കൊച്ചി നഗരത്തിൽ സ്മാരകം

പ്രൊഫ. കെ. വി. തോമസ് : സർ, കഴിഞ്ഞ 10 വർഷമായി എറണാകുളത്ത് മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ നാമധേയത്തിൽ ഒരു സ്മാരകം പണിയുന്നതിന് കൊച്ചിൻ കോർപ്പറേഷനും കൊച്ചിയിലെ ജനപ്രതിനിധികളും സംയുക്തമായി ഗവൺമെന്റിനെ സമീപിച്ചിരുന്നു. ഇതിനാവശ്യമായ ഫണ്ട് ഞങ്ങളുടെ കൈയിലുണ്ട്. പക്ഷേ സ്ഥലം വിട്ടു തന്നിട്ടില്ല. 1995-ൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടം മുതൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായ കാലഘട്ടം വരെ ഞങ്ങൾ നിരന്തരമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സമയബന്ധിതമായി ഒരു positive decision എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ജി. ശങ്കരക്കുറുപ്പ് പ്രശസ്തനും നമ്മുടെ എല്ലാവരുടേയും അഭിമാനവുമായ ഒരു സാഹിത്യകാരനായിരുന്നു. അദ്ദേഹത്തിനുവേണ്ടി ഒരു സ്മാരകം നിർമ്മിക്കുക എന്നുള്ളത് വളരെ അഭികാമ്യമാണ്. ഒരു വാക്ക് ഗവൺമെന്റിനുവേണ്ടി പറയുകയാണ്. സ്മാരകത്തിന് ആവശ്യമായ മിനിമം സ്ഥലം സാധാരണഗതിയിൽ market value-നാണ് പതിച്ചുനൽകുന്നത്. പക്ഷേ ജി. ശങ്കരക്കുറുപ്പിന്റെ നാമധേയത്തിലായതുകൊണ്ട് ആവശ്യമായ മിനിമം സ്ഥലം സൗജന്യമായി പതിച്ചുനൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(10) വിളക്കോട്ടൂർ കായലോട്ടുതാഴെ പാലത്തിന്റെ പണി

ശ്രീ. കെ. പി. മോഹനൻ : സർ, പെരിങ്ങളം നിയോജകമണ്ഡലത്തിൽ കണ്ണൂർ ജില്ലയേയും കോഴിക്കോട് ജില്ലയേയും ബന്ധിപ്പിക്കുന്ന ഏറ്റവും വലിയൊരു വഴിയാണ് കായലോട്ടുതാഴെ. അവിടെ ഒരു പാലം പണിയണമെന്ന് ഞാനും നാദാപുരം എം.എൽ.എ. ശ്രീ. ബിനോയ് വിശ്വവും കൂടി നിരവധി തവണ

LIBRARY ARCHIVES Kerala Legislative Assembly